# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.456 24-01-2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ. ഖാദർ | ഡോ.ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**കടപ്പത്രങ്ങൾ**

| | | |
|---|---|---|
| (എ) | ഈ സർക്കാർ 1-5-2017 മുതൽ 31-12-2017 വരെ എത്ര തുക കടപ്പത്രങ്ങൾ വഴി സമാഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | 01-05-2017 മുതൽ 31-12-2017 വരെയുള്ള കാലയളവിൽ 12,000/- കോടി രൂപ കടപ്പത്രങ്ങൾ മുഖാന്തിരം സർക്കാർ സമാഹരിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ സർക്കാർ 17,300/- കോടി രൂപ വായ്പയെടുത്തിരുന്നു. |
| (ബി) | മുൻ വർഷത്തിൽ വായ്പയെടുത്ത തുക എത്രയാണെന്നറിയിക്കാമോ ; | |
| (സി) | 2017-ൽ സർക്കാരിന്റെ നികുതി വരുമാനം മുൻവർഷത്തെ അപേക്ഷിച്ച് എങ്ങനെ യാണ് വ്യത്യാസപ്പെട്ടിരിക്കുന്നതെന്ന റിയിക്കാമോ ? | അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം 2017-18-ൽ നവംബർ 30 വരെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 28409.12 കോടി രൂപയാണ്. ഈ ഇനത്തിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 5.26% വളർച്ച നേടിയിട്ടുണ്ട്. ഈ കാലയളവിലെ സ്റ്റാമ്പ് & രജിസ്ട്രേഷൻ നികുതി 8.48%-ഉം മോട്ടോർ വാഹന നികുതി 4.94%-ഉം വാറ്റ്/ജി.എസ്.റ്റി. ഉൾപ്പെടെയുള്ള വിൽപ്പന നികുതി 3.65%-ഉം വർദ്ധനവ് കൈവരിച്ചു. കേന്ദ്ര നികുതി വിഹിതമടക്കമുള്ള മൊത്ത നികുതി വരുമാനം 9.68%-ഉം വളർച്ച നേടിയിട്ടുണ്ട്. ഇതിനുപുറമേ ജി.എസ്.ടി. കോമ്പൻസേഷനായി 1,205 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ